# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5729** 25.05.2017-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ.യുടെ എൻ.ആർ.ഐ. ചിട്ടി**

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യുടെ എൻ.ആർ.ഐ. ചിട്ടിയിൽ ഏകദേശം എത്ര വരിക്കാരെയാണ് ചേർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത്; ഇതുവഴി ഏകദേശം എത്ര തുക സ്വരൂപിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | (എ) | കെ.എസ്.എഫ്.ഇ. ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസി ചിട്ടികളിൽ ഏകദേശം ഒരു ലക്ഷം ഇടപാടുകാരെയാണ് ആദ്യ വർഷം ചേർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത്. അടുത്ത ഏതാനും വർഷങ്ങൾ കൊണ്ട് 12000 കോടി രൂപ സമാഹരിക്കാം എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത വരിക്കാരിൽ നിന്നും ലഭിക്കുന്ന തുക കിഫ്ബിയിൽ നിക്ഷേപമായി സ്വരൂപിക്കാനാണോ ഉദ്ദേശിക്കുന്നത്; എങ്കിൽ ഈ തുക അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ചിട്ടിയിലടയ്ക്കുന്ന പണം ബോണ്ടുകളിൽ നിക്ഷേപിക്കുകയും ഇടപാടുകാർക്ക് നൽകേണ്ട ചിട്ടി പണത്തിനു വേണ്ടതായ തുക കാൾ ഓപ്ഷൻ സംവിധാനത്തിലൂടെ തിരിച്ചെടുക്കുകയും കിഫ്ബിയിൽ മിച്ചം വരുന്ന പണം അടിസ്ഥാന സൗകര്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | ചിട്ടി നടത്തിപ്പിനായോ ചിട്ടിനടത്തിപ്പ് വഴിയോ സ്വരൂപിക്കുന്ന തുക മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിക്കുന്നതിന് നിലവിലെ ചിട്ടി നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ഈ തുക അടിസ്ഥാന സൗകര്യവികസനത്തിന് ഉപയോഗിക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ചിട്ടി വഴി സമാഹരിക്കുന്ന തുക ചെലവഴിക്കുന്നത് സംബന്ധിച്ച് 1982 ലെ കേന്ദ്ര ചിട്ടി നിയമത്തിന്റെ സെക്ഷൻ (14) ൽ പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ പ്രസക്തഭാഗം അനുബന്ധമായിച്ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ.**

**14. Utilisation of funds.**— (1) No person carrying on chit business shall utilise the moneys collected in respect of such business (other than commission or remuneration payable to such person or interest or penalty, if any, received from a defaulting subscriber), except for—

(a) carrying on chit business; or

(b) giving loans and advances to non-prized subscribers on the security of subscriptions paid by them; or

(c) investing in trustee securities within the meaning of section 20 of the Indian Trusts Act, 1882; or

(d) making deposits with approved banks mentioned in the chit agreement

(2) Where any person carrying on chit business has utilised the moneys collected in respect of such business before the commencement of this Act, otherwise than for the purposes specified in sub-section (1), he shall secure that so much of such moneys as have not been realised before such commencement are realised before the expiry of a period of three years from such commencement:

Provided that the State Government may, if it considers it necessary in the public interest or for avoiding any hardship, extend the said period of three years by such further period or periods not exceeding one year in the aggregate.